"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി- റാം മോഹൻ പാലസിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ് വകുപ്പ്**

സ.ഉ.(കൈ) നം.77/2026/HOME തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1 കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 28.07.2025 തീയതിയിലെ HCKL/3315/2025-J(A)-HC KERALA നമ്പർ കത്ത്

2 കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 19.11.2025 തീയതിയിലെ HCKL/3315/2025-J(A)-HC KERALA നമ്പർ കത്ത്

**<u>ഉത്തരവ്</u>**

റാം മോഹൻ പാലസിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ₹10,17,19,000/- രൂപക്ക് (പത്തു കോടി പതിനേഴ് ലക്ഷം പത്തൊമ്പതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകാനും ജുഡീഷ്യറിയുടെ പ്രധാന ശീർഷകമായ "2014-Administration of Justice" ൽ ഫണ്ട് അനുവദിക്കാനും പരാമർശം(1) പ്രകാരം ഹൈക്കോടതി രജിസ്ട്രാർ ജനറൽ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ഹൈക്കോടതിയിലെ 'Committee for the Renovation of the old High Court Building' പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുമായി 08.10.2025 ന് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനമനുസരിച്ച്, റാം മോഹൻ പാലസിന്റെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തിയുടെ വിശദാംശങ്ങളോടുകൂടിയ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട് എന്ന് രജിസ്ട്രാർ ജനറൽ പരമാർശം (2) കത്ത് മുഖേന അറിയിച്ചു. DSR 2021 അടിസ്ഥാനമാക്കി, തയ്യാറാക്കിയ ₹14,86,14,038/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, പ്ലംബിംഗ്, ഫർണിഷിംഗ്, ലാൻഡ്സ്കേപ്പിംഗ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) പുതുക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | പി.ഡബ്ല്യൂ.ഡി. വിംഗ് | എസ്റ്റിമേറ്റഡ് തുക |
|---|---|---|
| 1 | സിവിൽ വിംഗ് | ₹9,82,09,487/- |
| 2 | ഇലക്ട്രിക്കൽ വിംഗ് | ₹3,29,98,614/- |
| 3 | ഇലക്ട്രോണിക്സ് വിംഗ് | ₹1,74,05,937/- |
| | **ആകെ** | **₹14,86,14,038/-** |

3) ഈ വിഷയത്തിൽ ചുവടെ പരാമർശിച്ചിട്ടുള്ള കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് രജിസ്ട്രാർ ജനറൽ ആവശ്യപ്പെട്ടു;

എ) റാം മോഹൻ പാലസിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ₹14,86,14,038/- രൂപയുടെ (പതിനാല് കോടി എൺപത്തിയാറ് ലക്ഷം പതിനാലായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി, പ്രസ്തുത തുക "2014-Administration of Justice" എന്ന പ്രധാന ശീർഷകത്തിൻ കീഴിൽ അനുയോജ്യമായ ശീർഷകത്തിൽ അനുവദിച്ചു നൽകുക.

ബി) റാം മോഹൻ പാലസിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ₹300 ലക്ഷം രൂപ മേൽ പാരമർശിച്ച ശീർഷകത്തിൽ അനുവദിക്കുക.

സി) നിലവിലുള്ള ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇളവുവരുത്തി റാം മോഹൻ പാലസിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി Non-PMC EPC രീതി സ്വീകരിക്കുന്നതിന് പ്രത്യേക അനുമതി നൽകുക.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട്, Non-PMC EPC രീതിയിൽ , റാം മോഹൻ പാലസിന്റെ നവീകരണത്തിനും, പുനരുദ്ധാരണത്തിനുമായി 14,86,14,038/-രൂപയുടെ (പതിനാല് കോടി എൺപത്തിയാറ് ലക്ഷത്തി പതിനാലായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്( നം 3166235/EXP-D2/111/2025-FIN തീയതി 04.02.2026 പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്( മന്ത്രിസഭായോഗ തീരുമാനം ഇനം നം 3982 തീയതി 14.03.2026)
വെബ്ബ് & ന്യൂ മീഡിയ, ഐ&പി. ആർ.ഡി( സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(ഫയൽ നം സി2/284/2025/ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Signed by
Siju P
Date: 15-03-2026 14:00:48

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. സി2/284/2025/ആഭ്യന്തരം. ഇനം നം: 3982

വിഷയം : ആഭ്യന്തര വകുപ്പ് - റാം മോഹൻ പാലസിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമുള്ള ഭരണാനുമതി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3982

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/284/2025/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- റാം മോഹൻ പാലസിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമുള്ള ഭരണാനുമതി -സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17.02.2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതേ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ.ജി. ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.02.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 13.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

റാം മോഹൻ പാലസിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമുള്ള ₹14,86,14,038/-രൂപയുടെ (പതിന്നാലു കോടി എൺപത്തിയാറ് ലക്ഷത്തി പതിനാലായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് ഹൈക്കോടതി രജിസ്ട്രാർ ജനറൽ സമർപ്പിച്ച പ്രൊപ്പോസലാണ് ഈ കുറിപ്പിൽ കൈകാര്യം ചെയ്യുന്നത്.

2) റാം മോഹൻ പാലസിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ₹10,17,19,000/- രൂപക്ക് (പത്തു കോടി പതിനേഴ ലക്ഷം പത്തൊമ്പതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകാനും ജുഡീഷ്യറിയുടെ പ്രധാന ശീർഷകമായ "2014-Administration of Justice" ൽ ഫണ്ട് അനുവദിക്കാനും കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ഹൈക്കോടതിയിലെ 'Committee for the Renovation of the old High Court building' പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുമായി 08.10.2025 ന് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനമനുസരിച്ച്, റാം മോഹൻ പാലസിന്റെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തിയുടെ വിശദാംശങ്ങളോട്ടുകൂടിയ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ സമർപ്പിച്ചു. DSR 2021 അടിസ്ഥാനമാക്കി, തയ്യാറാക്കിയ ₹14,86,14,038/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, പ്ലംബിംഗ്, ഫർണിഷിംഗ്, ലാൻഡ്സ്കേപ്പിംഗ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതുക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | പി.ഡബ്ല്യൂ.ഡി. വിംഗ് | എസ്റ്റിമേറ്റഡ് തുക |
|---|---|---|
| 1 | സിവിൽ വിംഗ് | ₹9,82,09,487/- |
| 2 | ഇലക്ട്രിക്കൽ വിംഗ് | ₹3,29,98,614/- |
| 3 | ഇലക്ട്രോണിക്സ് വിംഗ് | ₹1,74,05,937/- |
| | **ആകെ** | **₹14,86,14,038/-** |

3) 28.04.2021 തീയതിയിലെ G.O(P)67/2021/Fin ഉത്തരവ് പ്രകാരം 50 കോടി രൂപയിൽ താഴെ ചെലവ് വരുന്ന പദ്ധതികൾക്ക് EPC രീതി പ്രായോഗികമല്ലെന്നും, അത്തരം പ്രവൃത്തികൾ ഒരു അംഗീകൃത ഏജൻസിയെ ഏൽപ്പിക്കേണ്ടതാണെന്നും സർക്കാർ രജിസ്ട്രാർ ജനറലിനെ അറിയിച്ചിരുന്നു. ഒരു കോടി രൂപ വരെ ചെലവുള്ള പ്രവൃത്തികൾ മാത്രം ടെൻഡർ നടപടികൾ ഇല്ലാതെ നേരിട്ട് Non PMC ഏജൻസികളെ ഏൽപ്പിക്കാനാകുമെന്നതും വ്യക്തമാക്കിയിരുന്നു. എന്നാൽ, പൊതു മരാമത്ത് വകുപ്പ് സെക്രട്ടറിയും, മറ്റു ഉദ്യോഗസ്ഥരും പങ്കെടുത്ത ചർച്ചയിൽ, റാം മോഹൻ പാലസിന്റെ നവീകരണവും പുനരുദ്ധാരണവും പൈതൃക കെട്ടിടത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ടതായതിനാൽ പ്രത്യേക സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായ സങ്കീർണ്ണ സ്വഭാവമുള്ള പ്രവൃത്തിയാണെന്ന് വിലയിരുത്തുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികമായ സങ്കീർണ്ണതയും സവിശേഷ സ്വഭാവവും കണക്കിലെടുത്ത് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി Non-PMC EPC രീതി സ്വീകരിക്കുന്നതാണ് ഉചിതമെന്ന് ശിപാർശ ചെയ്തു.

4) അതേ തുടർന്ന് രജിസ്ട്രാർ ജനറൽ താഴെപ്പറയുന്ന കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു;

എ) റാം മോഹൻ പാലസിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ₹14,86,14,038/- രൂപയുടെ (പതിന്നാലു കോടി എൺപത്തിയാറ് ലക്ഷം പതിനാലായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) പുതുക്കിയ എസ്റ്റിമേറ്റ്ന് ഭരണാനുമതി നൽകി, പ്രസ്തുത തുക "2014-Administration of Justice" എന്ന പ്രധാന ശീർഷകത്തിൻ കീഴിൽ അനുയോജ്യമായ ശീർഷകത്തിൽ അനുവദിച്ചു നൽകുക.

ബി) റാം മോഹൻ പാലസിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ₹300 ലക്ഷം രൂപ മേൽ പരാമർശിച്ച ശീർഷകത്തിൽ അനുവദിക്കുക.

സി) നിലവിലുള്ള ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇളവുവരുത്തി റാം മോഹൻ പാലസിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി Non-PMC EPC രീതി സ്വീകരിക്കുന്നതിന് പ്രത്യേക അനുമതി നൽകുക.

5) പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് ലഭ്യമാക്കിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കുംപ്രകാരം അഭിപ്രായപ്പെട്ടു

***Finance agrees to the modified estimate for an amount of Rs.14,86,14,038/- for the work, "Renovation and restoration of Ram Mohan Palace " through EPC mode relaxing existing rules subject to the approval of Cabinet " .***

***This has the approval of Hon'ble MinFin***

6) ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട്, Non-PMC EPC രീതിയിൽ , റാം മോഹൻ പാലസിന്റെ നവീകരണത്തിനും, പുനരുദ്ധാരണത്തിനുമായി 14,86,14,038/-രൂപയുടെ (പതിന്നാലു കോടി എൺപത്തിയാറ് ലക്ഷത്തി പതിനാലായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാമോ?